**കേരള സർക്കാർ**

**സംഗ്രഹം**

**ധനകാര്യ വകുപ്പ് - എം.എൽ.എ മാരുടെ പ്രത്യേക വികസന നിധി - പുതുപ്പള്ളി നിയോജകമണ്ഡലം - മീനടം പഞ്ചായത്തിൽപ്പെട്ട 12-ാം വാർഡിലെ ലൈബ്രറിപ്പടി - ചുണ്ടമണ്ണിൽപ്പടി റോഡിൽ തടസ്സമായി നിൽക്കുന്ന ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് - പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.**

---

**ധനകാര്യ (നോഡൽ സെന്റർ - ബി) വകുപ്പ്**

**സ.ഉ.(സാധാ.)നം.10093/2018/ധന.** **തിരുവനന്തപുരം, തീയതി 10/12/2018.**

---

**പരാമർശം :** 1) 29/12/2017- ലെ സ.ഉ.(അച്ചടി) നം. 161/2017/ധന. ഉത്തരവ്.
2) ബഹു. ധനകാര്യ മന്ത്രിയ്ക്ക് ശ്രീ. ഉമ്മൻ ചാണ്ടി എം.എൽ.എ 16/11/2018 ന് നൽകിയ 323/OC/2018 നമ്പർ കത്ത്

## ഉത്തരവ്

പുതുപ്പള്ളി നിയോജകമണ്ഡലത്തിലെ മീനടം പഞ്ചായത്തിൽപ്പെട്ട 12-ാം വാർഡിലെ ലൈബ്രറിപ്പടി - ചുണ്ടമണ്ണിൽപ്പടി റോഡിൽ തടസ്സമായി നിൽക്കുന്ന ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് എം.എൽ.എ യുടെ 2018-19 വർഷത്തെ പ്രത്യേക വികസന നിധിയിൽ നിന്നും 50,000/- രൂപ (അൻപതിനായിരം രൂപ മാത്രം) വിനിയോഗിക്കുവാൻ പ്രത്യേകാനുമതി നൽകണമെന്ന് ശ്രീ. ഉമ്മൻ ചാണ്ടി എം.എൽ.എ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പുതുപ്പള്ളി നിയോജകമണ്ഡലത്തിലെ മീനടം പഞ്ചായത്തിൽപ്പെട്ട 12-ാം വാർഡിലെ ലൈബ്രറിപ്പടി - ചുണ്ടമണ്ണിൽപ്പടി റോഡിൽ തടസ്സമായി നിൽക്കുന്ന ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് പുതുപ്പള്ളി നിയോജകമണ്ഡലത്തിലെ ശ്രീ. ഉമ്മൻ ചാണ്ടി എം.എൽ.എ യുടെ പ്രത്യേക വികസന നിധിയിൽ നിന്നും **50,000/- രൂപ (അൻപതിനായിരം രൂപ മാത്രം)** വിനിയോഗിക്കുവാൻ പരാമർശം (1) പ്രകാരമുള്ള ഉത്തരവിലെ മാർഗ്ഗരേഖയിൽ ഇളവു വരുത്തി പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**അജിത്ത് കുമാർ. എ**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

**പകർപ്പ് :**

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ)കേരള, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
4. ശ്രീ. ഉമ്മൻ ചാണ്ടി എം.എൽ.എ, കാരോട്ട് വള്ളക്കാലിൽ, പുതുപ്പള്ളി, കോട്ടയം.
5. ജില്ലാ കളക്ടർ, കോട്ടയം.
6. ജില്ലാ ട്രഷറി ഓഫീസർ, കോട്ടയം.
7. നോഡൽ ഓഫീസർ, www.finance.kerala.gov.in
8. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി [No. NC-B1/149/2018-FIN]

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**